നടപ്പാക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. ആ നിയമം നിലനിൽക്കണമെന്നാണ്. ആ അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതാണ് ഇപ്പോഴത്തെ നില.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, അപ്പോഴും അങ്ങ് അത് നിരാകരിച്ചു കഴിഞ്ഞു അതിനെപ്പറ്റിയല്ല എന്റെ ചോദ്യം. അത് നിരാകരിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുന്നതോടൊപ്പം ഈ പട്ടയം കൊടുക്കാതെ ലക്ഷംവീട് കോളനി, ജയന്തി കോളനി, സെറ്റിൽമെന്റ് കോളനി എന്നീ ഹരിജൻ പ്രദേശങ്ങളിൽ പത്തിനായിരക്കണക്കിന് പാവപ്പെട്ടവരുണ്ട്. പട്ടയം ഉടനെ കൊടുക്കുമോയെന്നെങ്കിലും വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പട്ടയം നടപടിയെപ്പറ്റി ഇവിടെ പലവട്ടം പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അനുവാദം കിട്ടേണ ഭൂമിയൊഴിച്ചുള്ള പ്രദേശങ്ങളിൽ ഓരോ താലൂക്കുകളെടുത്ത് പരിശോധിച്ചാലും ഈ പട്ടയ നടപടികളും ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. പല പ്രാവശ്യം കണക്കുകളും പറഞ്ഞിട്ടുള്ളതാണ്. മുമ്പ് ഏത് കാലഘട്ടത്തിൽ കൊടുത്തതിനെക്കാളും കൂടുതൽ പട്ടയങ്ങളും കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്, ഒന്നേകാൽ ലക്ഷത്തോളം ആളുകൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. ഈ ബില്ലിന്റെ അനുമതി പ്രസിഡന്റ് നിഷേധിച്ചിരിക്കുകയാണ്.

2. കാസർഗോഡ് ഐ. ടി. ഐ. ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതുകാരണം വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മറ്റുപല രംഗത്തും പിന്നോക്കം കിടക്കുന്ന കാസർഗോഡ് ജില്ലയെ ഇപ്പോഴും അവഗണിക്കുകയാണ്. 4 വർഷം മുമ്പ് 1983-ൽ ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി കാസർഗോഡ് ഒരു ഐ. റ്റി. ഐ. അനുവദിച്ചു. അതിനു ഞങ്ങളും നന്ദിയുള്ളവരാണ്. പക്ഷെ അതിന്റെ പ്രവർത്തനം 4 വർഷം കഴിഞ്ഞിട്ടും കാസർഗോഡ് ടൗൺ യു. പി. സ്കൂളിന്റെ ഒരു ചെറിയ ഷെഡ്ഡിലാണ്. ആ ഷെഡ്ഡിലാണ് അവിടത്തെ സ്റ്റാഫും വിദ്യാർത്ഥികളും കഴിഞ്ഞു കൂടുന്നത്. കാറ്റും മഴയും വന്നാൽ ഏതു സമയവും ആ ഷെഡ് പൊളിഞ്ഞു വീഴാൻ സാദ്ധ്യതയുണ്ട്. അവിടത്തെ സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും ജീവൻതന്നെ നഷ്ടപ്പെടാനിടയുള്ള ഒരു സാഹചര്യമാണ് അവിടെയുള്ളത്. അവിടത്തെ കുട്ടികൾക്ക് വെള്ളമില്ല, ഇലക്ട്രിസിറ്റിയില്ല, ലബോറട്ടറിയില്ല, യൂറിൻ ഷെഡ്പോലുമില്ല. തൊട്ടടുത്ത് പോലീസ്സ്റ്റേഷനും സബ്ജയിലും എ. ഇ. ഒ. (A. E. O.) ഓഫീസുമെല്ലാം നില നിൽക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ അവിടത്തെ കുട്ടികൾ വളരെയേറെ കഷ്ടപ്പെടുകയാണ്. അവരുടെ ക്ഷമ ഇത്തരത്തിൽ പരീക്ഷിക്കുന്നത് ഒരിക്കലും ശരിയല്ല. അവിടത്തെ കുട്ടികളും സ്റ്റാഫും നാട്ടുകാരും ഒരു സമരത്തിന് തയ്യാറെടുക്കുകയാണ്. അവിടെയുള്ള പഠനോപകരണങ്ങൾപോലും സൂക്ഷിക്കാൻ സ്ഥലമില്ല. ഇപ്പോൾ അവിടെ നിലവിലുള്ളത് രണ്ട് ട്രെയിഡുകൾ മാത്രമാണ്. ഒന്ന് ഡ്രാഫ്റ്റ്സ്മാൻ സിവിലും മറ്റേതു സ്റ്റെനോഗ്രാഫിയും. അങ്ങനെയാകെ രണ്ട് ട്രെയിഡുകളാണ് അവിടെയുള്ളത്. സാങ്കേതിക സ്ഥാപനങ്ങളുടെ കാര്യത്തിൽ വളരെയേറെ പിന്നോക്കമാണ് മലബാർ മേഖല. അതിൽത്തന്നെയും ഏറ്റവും പിന്നോക്കം കിടക്കുന്ന ഒരു സ്ഥലമാണ് കാസർഗോഡ്. അതുകൊണ്ട് അവിടെ കെട്ടിടം നിർമ്മിക്കുന്നതിനും അവിടെ കൂടുതൽ ട്രെയിഡുകളും

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നതിനും ചില മാനദണ്ഡങ്ങളും തീർച്ചയായും സ്വീകരിക്കണം. ഞങ്ങളും വളരെ വടക്കായതുകൊണ്ട് അവഗണിക്കപ്പെടുന്നത് ഒരിക്കലും ശരിയല്ല. വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. തീർച്ചയായും അവിടത്തെ കുട്ടികൾക്ക് പഠനസൗകര്യങ്ങൾക്കുവേണ്ടി കൂടുതൽ ട്രെയിഡുകളും ഏർപ്പെടുത്തുന്നതിനും ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു തന്നെ ഒരു കെട്ടിടം വളരെവേഗം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. മുനിസിപ്പാലിറ്റിയിൽപ്പെട്ട ഒരു ഗവൺമെന്റ് സ്ഥലമാണ് ഇതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ളത്. ആ സ്ഥലത്തുതന്നെ ആ കെട്ടിടം വളരെവേഗം നിർമ്മിക്കണം. ഞങ്ങളെ ഒരു സമരത്തിലേക്ക് ഒരിക്കലും വലിച്ചിഴക്കരുത്. ഞങ്ങളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് മറ്റ് ഏതു മേഖലയിലും നൽകുന്നതിനെക്കാളും കൂടുതൽ പ്രാധാന്യം ട്രെയിഡുകളും നൽകുന്ന കാര്യത്തിലും കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിലും കാസർകോടിനോട് കാണിക്കണമെന്നും ലേബർ വകുപ്പുമന്ത്രി ഇതു പാലിക്കുമെന്നുമുള്ള വിശ്വാസത്തിൽ ഞാൻ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, 1983-ൽ കാസർകോട് ഐ.റ്റി.ഐ. തുടങ്ങിയതു മുതൽ ഒരു പഴയ എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഭാഗത്താണ് അത് പ്രവർത്തിച്ച് വരുന്നത്. സ്കൂളിന്റെ വികസനത്തിനുവേണ്ടി കെട്ടിടം ഒഴിയണമെന്ന് അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ സ്ഥലം നൽകിയാൽ ഐ. റ്റി. ഐ. ഡെവലപ്പ്മെന്റ് കൗൺസിൽ, ഷെഡ് കെട്ടിത്തരാമെന്ന് ഉറപ്പ് നൽകിയിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ കാസർകോട് വില്ലേജിൽ സർവ്വെ 286-ൽ 6.2 ഏക്കർ സ്ഥലം ഇതിനുവേണ്ടി എടുക്കുന്നതിന് കളക്ടർ നടപടികളും എടുത്തു. എന്നാൽ ഇപ്പോൾ ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഈ സ്ഥലം ലഭ്യമാവുകയില്ലെന്ന്, തഹശീൽദാർ അറിയിച്ചിരിക്കുകയാണ്. അതിനനുയോജ്യമായ ഒരു സ്ഥലം ഉടനെതന്നെ കണ്ടുപിടിക്കാനാവശ്യമായ നടപടികളെടുക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ അടിയന്തിരമായ നടപടികളും സ്വീകരിച്ചു വരികയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : അതിന് തൊട്ടടുത്തുതന്നെ സ്ഥലം വെറുതെ കിടക്കുന്നുണ്ട്. അതുകൊണ്ട് അതു മുനിസിപ്പാലിറ്റിയിൽ നിന്നു മാറാതെ തൊട്ടടുത്തുതന്നെ സ്ഥലം ലഭ്യമാക്കാൻ സാദ്ധ്യതയുണ്ട്. അതു ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ശിവദാസൻ : 6 ഏക്കർ സ്ഥലം ആദ്യമായി കളക്ടർ ലൊക്കേറ്റ് ചെയ്തിരുന്നു. അപ്പോൾ നിർഭാഗ്യവശാൽ ഹൈക്കോടതിയുടെ വിധിയുണ്ടായി. വീണ്ടും കളക്ടർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർകൂടി ഒന്ന് പോയിൻറ് ഔട്ട് ചെയ്താൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) ഗ്രന്ഥശാലകൾക്കുള്ള ധനസഹായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം അന്താരാഷ്ട്ര നിലവാരത്തിൽത്തന്നെ അംഗീകാരം നേടിയ സുശക്തവും സുസംഘടിതവുമായ ഒരു സാംസ്കാരിക മേഖലയാണ്. ഗ്രാമീണ യൂണിവേഴ്സിറ്റികളെന്നു വ്യവഹരിക്കപ്പെടുന്ന അയ്യായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly